**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3281** **11-03-2025 - ൽ മറുപടിയ്ക്ക്**

**അധ്യാപക നിയമനങ്ങളിലെ ഭിന്നശേഷി സംവരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എയ്ഡഡ് ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിലെ അധ്യാപക നിയമനങ്ങളിൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | സാമൂഹിക നീതി വകുപ്പിന്റെ 18/11/2018 ലെ സ.ഉ.(അച്ചടിച്ചത്) 18/2018/എസ്.ജെ.ഡി നമ്പർ ഉത്തരവിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലും, എയ്ഡഡ് കോളേജുകളിലും ഭിന്നശേഷി വിഭാഗത്തിന് അനുയോജ്യമെന്ന് സർക്കാർ കണ്ടെത്തിയിട്ടുള്ള തസ്തികകളിൽ (17/10/2012 ലെ സ.ഉ.(അച്ചടിച്ചത്) 61/12/എസ്.ഡബ്ല്യു.ഡി, 03/01/2013 ലെ സ.ഉ.(അച്ചടിച്ചത്) 01/2013/എസ്.ജെ.ഡി, 04/04/2013 ലെ സ.ഉ(അച്ചടിച്ചത്) 30/13/എസ്.ജെഡി, 05/01/2015 ലെ സഉ.(അച്ചടിച്ചത്) 1/2015/എസ്.ജെഡി എന്നിവ പ്രകാരം) 07/02/1996 മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ 3% ഒഴിവുകൾ ഭിന്ന ശേഷി വിഭാഗക്കാർക്ക് മാറ്റിവെക്കാനും, 07/02/1996 മുതൽ 18/04/2017 വരെ മേൽ പ്രകാരം ബാക്ക് ലോഗ് കണ്ടെത്തി നിയമനം നൽകവാനും തുടർന്ന് 19/04/2017 മുതൽ കേഡർ സ്ട്രെങ്ങ്തിന്റെ ആകെയുള്ള ഒഴിവുകളിൽ 4% ഭിന്നശേഷി നിയമനത്തിനായി നീക്കിവെക്കാനും നിർദ്ദേശിച്ചിരുന്നു. ഇതിനെ തുടർന്ന് 25/06/2022 ലെ സർക്കാർ ഉത്തരവ് (കൈ) 111/2022പൊ.വി.വ നമ്പർ പ്രകാരം, ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി ബാക്ക് ലോഗ് കണ്ടെത്തുന്നതിനും ആയത് നികത്തുന്നതിനുമായി മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചു.<br><br>25/06/2022 ലെ സർക്കാർ ഉത്തരവിന്റെയും ബഹു. ഹൈക്കോടതി വിധിന്യായത്തിൻറെയും അടിസ്ഥാനത്തിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥ പാലിക്കുന്നതിനുള്ള റോസ്റ്റർ തയ്യാറാക്കുന്നതിനും തടസ്സപ്പെട്ടിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കുന്നതിനും 23/11/2022 ലെ എച്ച്2/295299/2021/ഡി ജി ഇ നമ്പർ സർക്കുലർ പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ വിശദമായ മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. പ്രസ്തുത സർക്കുലർ |

പ്രകാരം, ഭിന്നശേഷി സംവരണ നിയമനത്തിനായി സെക്കൻററി തലം വരെയുള്ള ഒഴിവുകൾ സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസുകളിലും, ഹയർ സെക്കന്ററി,വൊക്കേഷണൽ ഹയർ സെക്കന്ററി വിഭാഗങ്ങളിലെ ഒഴിവുകൾ പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെൻറ് ഓഫീസുകളിലുമാണ് റിപ്പോർട്ട് ചെയ്യേണ്ടതെന്നും ഓഫീസുകളുടെ പേരും അധികാര പരിധിയും നിശ്ചയിച്ച നൽകുകയും ചെയ്തിരുന്നു. തുടർന്ന്, 25/01/2023 ലെ എച്ച്2/295299/2021/ ഡി ജി ഇ കത്ത് പ്രകാരം റോസ്റ്റർ തയ്യാറാക്കേണ്ടത് സമന്വയ മുഖാന്തിരമാക്കി നിർദ്ദേശം പുറപ്പെടുവിച്ചു.

ബഹു. കോടതിവിധികൾ പൂർണ്ണമായും പാലിക്കും വരേക്കും എയ്ഡഡ് സ്കൂൾ മാനേജർമാർക്ക് 08/11/12021 ന് ശേഷമുള്ള ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്താനും അനുവദിച്ചു. തുടർന്ന് 13/03/2023 ലെ ബഹു. ഹൈക്കോടതി ഡിവിഷൻ ബെഞ്ച് വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ, പൊതു വിദ്യാഭ്യാസ (ജെ.ആർ)വകുപ്പ് സ.ഉ(കൈ) നം.29/2023/പൊ.വി.വ തീയതി 24.03.2023 ഉത്തരവ് പ്രകാരം തുടർ നിർദ്ദേശങ്ങൾ നൽകി. റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവെച്ച മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പവരുത്തിക്കൊണ്ട് 18/11/2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ അധ്യാപക/ അനദ്ധ്യാപകരുടെ നിയമങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താത്ക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ് എന്നും എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും,അംഗീകാരം ലഭിക്കുകയും ചെയ്യുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമന തീയതി മുതൽ വിദ്യാഭ്യസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ് എന്നും സ.ഉ(കൈ) നം. 29/2023/പൊ.വിവ തീയതി 24/03/2023 ഉത്തരവ് പ്രകാരം തുടർ നിർദേശങ്ങൾ നൽകി. തുടർന്ന് മതിയായ എണ്ണം കുട്ടികളില്ലാത്ത എയ്ഡഡ് സ്കൂളുകളിലെ നിയമങ്ങളിലെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട്, 02/05/2023 ലെ സ.ഉ.(കൈ) 51/2023/പൊ.വി.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ വ്യക്തത വരുത്തി.തുടർന്ന് റോസ്റ്ററിലെ

അപാകതയോ, റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ പരിഗണിക്കാതെ 18/11/2018 നും 08/11/2021 നും ഇടയിലെ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായും 08/11/2021 ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിലും ബഹു. ഹൈക്കോടതി, സുപ്രിം കോടതികളിൽ നിലവിലുള്ള കേസുകളിലെ അന്തിമ വിധിക്ക് വിധേയമായി നിയമനം നൽകുന്നതിന് സർക്കാർ കത്ത് നം. ജെആർ.1/502/2023 പൊ.വിവ തീയതി 01/11/2023 പ്രകാരം നിർദ്ദേശിച്ചു.

കൂടാതെ 18/11/2018 നും 08/11/2021 നും ഇടയിലെ ബാക്ക് ലോഗ് നികത്തുന്നതിന് 08/11/2021 ന് ശേഷമുള്ള ഒഴിവും ഭിന്നശേഷി നിയമനത്തിന് മാറ്റിവെക്കാമെന്നും, ഇത്തരത്തിൽ നിയമിക്കപ്പെട്ട ഭിന്നശേഷി ഉദ്യോഗാർത്ഥിയുടെ നിയമനം അംഗികരിക്കാമെന്നും 24/01/2024 ലെ പൊതുവിദ്യാദ്യാസം-ജെ.ആർ.1/503/2023-പൊ.വിവ നമ്പർ കത്ത് പ്രകാരം, നിർദ്ദേശിച്ചിട്ടുണ്ട്.

19/12/2024 ലെ ജെ.ആർ1 /336/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജീവനക്കാരുള്ള സ്കൂളുകളിൽ /അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണിത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് **ഒ**ഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ,ദിവസവേതനത്തിലോ, ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാം എന്നും വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ 13.01.2025 ലെ പൊതു വിദ്യാഭ്യാസം ജെ.ആർ1/444/2024പൊ.വി.വ നമ്പർ സർക്കാർ കത്ത് പ്രകാരം, ഭിന്നശേഷി സംവരണ നിയമങ്ങൾക്ക് അനുസൃതമായി, ബഹു.കോടതി വിധിയുടെ അടിസ്ഥാനത്തിൽ ശമ്പള സ്കെയിലിൽ പ്രൊവിഷണൽ ആയി നിയമനം ലഭിച്ചവർ പുറത്തു പോയാൽ, അവരുടെ ശമ്പള കടിശിക, പിഎഫ് അക്കൗണ്ട് തുടങ്ങാൻ നിർവാഹമില്ലാത്ത സാഹചര്യത്തിൽ, ക്യാഷ് ആയി നൽകാവുന്നതാണ് എന്നും സർക്കാർ വ്യക്തത വരുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | ഭിന്നശേഷി സംവരണത്തിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥി തുടർച്ചയായി എത്ര അധ്യയന വർഷങ്ങളിൽ അപേക്ഷ നൽകാതെ വരുന്ന സാഹചര്യത്തിലാണ് പ്രസ്തുത തസ്തികയിലേക്ക് ജനറൽ കാറ്റഗറിയിൽ നിന്നും നിയമനം നടത്തുവാൻ കഴിയുന്നത്; ഇത് സംബന്ധിച്ച കൃത്യമായ നടപടിക്രമം വ്യക്തമാക്കുമോ; | (ബി) | ഭിന്നശേഷി സംവരണത്തിന് യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ തുടർച്ചയായി ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രസ്തുത തസ്തികയിലേക്ക് എപ്രകാരമാണ് നിയമനം നടത്തേണ്ടത് എന്നത് സംബന്ധിച്ച് 10-09-2024 ൽ ജെ.ആർ1/304/2024/ പൊ.വി.വ നമ്പർ സർക്കുലർ പ്രകാരം സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു . |
| (സി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നാളിതുവരെ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും മാർഗ്ഗനിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാകുമോ? | (സി) | ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് നളിതുവരെ സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളുടെയും മാർഗ്ഗ നിർദ്ദേശങ്ങളുടേയും പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം GE-JR1/304/2024-G.EDN
പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-09-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട അധിക നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 25/06/2022 ലെ സ.ഉ(കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ്

2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.6.2024-ലെ ഡിഇ/1457/2023-പി 2 നമ്പർ കത്ത്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/07/2024 ലെ ഡി.ജി.ഇ/15133/2023-എച്ച്2-Part(1) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപെട്ടു സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പരാമർശം (1) ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന്, ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഭിന്നശേഷി സംവരണം എയ്ഡഡ് മേഖലയിൽ നടപ്പിലാക്കുന്നതിനായി "റിക്രൂട്ട്മെന്റ് വർഷം" എന്നത് അതത് മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് റിപ്പോർട്ട്

ചെയ്യുന്ന തീയതി മുതൽ ഒരു വർഷം ആയി കണക്കാക്കേണ്ടതാണ്.

2. ഈ സർക്കുലർ തീയതി മുതൽ, ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ/ആർ.ഡി.ഡി/എ.ഡി ഓഫീസുകൾ മുഖേന മാത്രമേ റിക്വിസിഷനുകൾ അതതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം മാനേജർമാർ സമർപ്പിക്കുന്ന റിക്വിസിഷനുകൾ 1995 ലെ PWD ആക്റ്റ്, 2016ലെ RPWD ആക്റ്റ്, നാളിതുവരെ സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ എന്നിവയിലെ നിർദേശങ്ങൾ പ്രകാരമാണ് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പവരുത്തേണ്ടതാണ്.

3. ഒരു റിക്രൂട്ട്മെന്റ് വർഷത്തിൽ റിക്വിസിഷനുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുമ്പോൾ, യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ Non Availability Certificate നൽകേണ്ടതും, അതിനു ശേഷം യോഗ്യരായ ഉദ്യോഗാർഥികളുടെ അപേക്ഷ ക്ഷണിച്ചു കൊണ്ട്,നിലവിൽ ഇതുമായി ബന്ധപ്പെട്ട് ബഹു.ഹൈകോടതിയിൽ നിലനിൽക്കുന്ന കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം,പത്രപരസ്യം നൽകേണ്ടതുമാണ്.

4. മേൽ നടപടികൾക്ക് ശേഷവും യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർ ത്ഥികളെ ലഭ്യമായില്ലായെങ്കിൽ, പ്രസ്തുത ഒഴിവ് അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിലേക്ക് മാറ്റിവെയ്ക്കേണ്ടതും അതേ ഭിന്നശേഷി വിഭാഗത്തിനായി തന്നെ ടി ഒഴിവ് സംവരണം ചെയ്തു കൊണ്ട് റിക്വിസിഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ടി ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ, ഭിന്നശേഷി സംവരണക്രമ പ്രകാരമുള്ള മറ്റു അഞ്ചു വിഭാഗങ്ങളിൽ നിന്നും, ക്രമാനുസരണം യോഗ്യരായ ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കാവുന്നതുമാണ്. മേൽ നടപടികൾക്ക് ശേഷവും ഭിന്നശേഷി വിഭാഗത്തിൽപെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും NAC നൽകേണ്ടതാണ്.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും Non availability certificate നൽകിയ ഒഴിവുകൾ നികത്തുന്നതിനായി അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിൽ റിക്വിസിഷനുകൾ സമർപ്പിക്കുമ്പോൾ, മുൻവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും NAC നൽകിയിരുന്ന അതേ ഒഴിവാണെന്ന വിവരവും,അതേ ഭിന്നശേഷി വിഭാഗമാണെന്നും

പ്രത്യേകം രേഖപ്പെടുത്തിയ റിക്വിസിഷൻ, ബന്ധപ്പെട്ട മാനേജർമാർ അതത്ത വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കേണ്ടതാണ്.ഇപ്രകാരം സമർപ്പിക്കുമ്പോൾ റിക്വിസിഷനുകൾ മുഖേന അറിയിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലായെങ്കിൽ, RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ് എന്ന വിവരവും കൂടി മാനേജർമാർ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള റിക്വിസിഷനുകൾ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അംഗീകാരത്തോടെ മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നൽകുവാൻ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. മേൽപ്രകാരം നൽകുന്ന റിക്വിസിഷനുകളുടെയും തസ്തികയുടെയും വ്യക്തമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി അതത്ത വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

MEENAMBIKA M I
ADDITIONAL SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതു വിദ്യാഭ്യാസ(ജെ) വകുപ്പ്**

സ.ഉ.(കൈ) നം.111/2022/GEDN തീയതി, തിരുവനന്തപുരം, 25-06-2022

---

പരാമർശം:-
1. സ.ഉ(പി) നം.18/2018/സാ.നീ.വ തീയതി 18.11.2018
2. സ.ഉ(പി) നം.5/2019/സാ.നീ.വ തീയതി 07/05/2019
3. സ.ഉ(പി) നം.19/2020/സാ.നീ.വ തീയതി 25/08/2020
4. സ.ഉ(പി) നം.19/2021/പൊ.വി.വ തീയതി 08/11/2021

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലെ നിയമനങ്ങളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കി പരാമർശം 4 പ്രകാരം ഉത്തരവായിരുന്നു. മേൽ സംവരണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു:

1) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങളിൽ 3% വും 19/04/2017 മുതൽ നടത്തിയ നിയമനങ്ങളിൽ 4%വും ബാക്ക് ലോഗ് ഒഴിവുകളായി കണക്കാക്കി 08/11/2021 മുതൽ ഒഴിവു വരുന്ന തസ്തികകളിൽ സംവരണം നടപ്പാക്കേണ്ടതാണ്. നിലവിൽ ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട് എങ്കിൽ ആ നിയമനങ്ങൾ ബാക്ക് ലോഗിൽ കുറവ് വരുത്താവുന്നതാണ്.

2) ഭിന്നശേഷി സംവരണം ഇതുവരെയും നടപ്പാക്കാത്ത സ്ഥാപനങ്ങൾ 07/02/1996 മുതൽ 18/04/2017 വരെ നടത്തിയ നിയമനങ്ങൾക്ക് ആനുപാതികമായി ഭിന്നശേഷിക്കാർക്കായുള്ള 3% നിയമനത്തിനായി 33 വീതമുള്ള ഓരോ ബ്ളോക്കിലും 19/04/2017 മുതലുള്ള നിയമനങ്ങളിൽ 4% നിയമനത്തിനായി 25 വീതമുള്ള ഓരോ ബ്ളോക്കിലും ആദ്യ തസ്തിക ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത് റിസർവേഷൻ റോസ്റ്റർ റൊട്ടേഷൻ അടിസ്ഥാനത്തിൽ തയ്യാറാക്കേണ്ടതാണ്.മുൻഗണനാക്രമം

(1) കാഴ്ച പരിമിതർ

(2) ശ്രവണ പരിമിതർ

(3) അംഗവൈകല്യമുള്ളവർ

(4) ലോക്കാമോട്ടർ ഡിസബിലിറ്റി/സെറിബ്രൽ പാൾസി എന്ന രീതിയിലാകണം.

3) റൊട്ടേഷൻ വ്യവസ്ഥ പ്രകാരം അദ്ധ്യാപക/ അനദ്ധ്യാപക തസ്തികയിലെ ഏത് വിഭാഗത്തിൽപ്പെട്ട തസ്തികകളെ ഭിന്നശേഷി സംവരണത്തിൽ ഉൾപ്പെടുത്തുമെന്ന് 25.08.2020-

ലെ GO(P) No.19/2020/SJD, 07/05/2019-ലെ GO(P) No.5/19/SJD എന്നീ ഉത്തരവുകൾ പ്രകാരം സാമൂഹ്യനീതി വകുപ്പ് വ്യക്തമാക്കിയിരുന്നു. അതുപ്രകാരം അർഹതപ്പെട്ട വിഷയങ്ങൾക്ക് സംവരണം ലഭിക്കുന്ന രീതിയിൽ റൊട്ടേഷനിലായിരിക്കണം നിയമനം നടത്തേണ്ടത്.

4) റൊട്ടേഷനടിസ്ഥാനത്തിൽ തസ്തിക നിശ്ചയിക്കുമ്പോൾ നിലവിൽ 4% ഭിന്നശേഷിക്കാരുള്ള വിഭാഗത്തിലെ തസ്തിക തന്നെ വന്നാൽ അടുത്ത വിഭാഗം തസ്തികയിലേക്ക് സംവരണം മാറ്റി നിശ്ചയിക്കാവുന്നതാണ്.

5) ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്റർ അതാത് മാനേജ്മെന്റുകൾ സൂക്ഷിക്കേണ്ടതാണ്. കൂടാതെ ഈ റോസ്റ്ററിന്റെ പകർപ്പ് നിയമനാംഗീകാര പ്രപ്പോസലിനോടൊപ്പം ബന്ധപ്പെട്ട വിദ്യാഭ്യാസ ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്.ഭിന്നശേഷിക്കാർക്കായി സംവരണം ഉൾപ്പെടുത്തിയ റോസ്റ്ററിന്റെ പകർപ്പ് ഹയർസെക്കന്ററി അദ്ധ്യാപക നിയമനത്തിനായുള്ള സെലക്ഷൻ കമ്മിറ്റിയിലേക്കുള്ള സർക്കാർ നോമിനിക്കായി അപേക്ഷിക്കുന്ന സമയത്തും മാനേജർ സമർപ്പിക്കേണ്ടതാണ്.

6) ഭിന്നശേഷിക്കാർക്കായി സംവരണം ചെയ്ത തസ്തികയിൽ Back log ഉൾപ്പടെയുള്ള നിയമനം നടത്തുന്നതിനായി സ്കൂൾ മാനേജർ, അർഹതയുള്ള ഭിന്നശേഷിക്കാരുടെ ലിസ്റ്റ് എംപ്ലോയ്മെന്റ് ഡയറക്ടറിൽ നിന്നും ആവശ്യപ്പെടേണ്ടതും, അപ്രകാരം ലഭ്യമാക്കുന്ന ലിസ്റ്റിൽ നിന്നും നിയമനം നടത്തേണ്ടതുമാണ്. പ്രസ്തുത ലിസ്റ്റ് നിയമന പ്രപ്പോസലിനോടൊപ്പം മാനേജർ സമർപ്പിക്കേണ്ടതാണ്.യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ ലഭിക്കാത്ത പക്ഷം പ്രധാനപ്പെട്ട 3 മലയാളം ദിനപത്രങ്ങളിലും 2 ഇംഗ്ലീഷ് ദിനപത്രങ്ങളിലും നിയമനത്തിനായി അപേക്ഷ ക്ഷണിച്ചുകൊണ്ടുള്ള പരസ്യം നൽകേണ്ടതാണ്.

7) അതിനുശേഷവും മതിയായ വ്യക്തികളെ ലഭ്യമല്ലാതെ വന്നാൽ RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പാലിച്ച് നിയമനം നടത്തേണ്ടതാണ്.

8) ഭിന്നശേഷി സംവരണം പാലിക്കുന്നതിനായി തസ്തികകളെ പ്രൈമറി, ഹൈസ്കൂൾ, ഹയർ സെക്കന്ററി (സീനിയർ), ഹയർ സെക്കന്ററി (ജൂനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (സീനിയർ), വൊക്കേഷണൽ ഹയർ സെക്കന്ററി (ജൂനിയർ), നോൺ ടീച്ചിംഗ് എന്നിങ്ങനെ പ്രത്യേകം കേഡറുകളായി നിശ്ചയിക്കാവുന്നതാണ്.

9) കെ.ഇ.ആർ അദ്ധ്യായം 14 എ ചട്ടം 1(1) പ്രകാരവും 43, 51എ, 51ബി, അദ്ധ്യായം 24എ ചട്ടം 9 എ അവകാശികൾക്ക് വിധേയമായി മാത്രവും ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തേണ്ടതാണ്.

10) clause 2 ൽ പറഞ്ഞിട്ടുള്ള തരത്തിൽ നിയമനം നടത്തിയ ശേഷം പ്രസ്തുത രജിസ്റ്ററിന്റെ (Roster) പകർപ്പ്, മാനേജർ പ്രപ്പോസലിനൊപ്പം നിയമനാധികാരിക്ക് സമർപ്പിക്കേണ്ടതുമാണ്. നിയമനാംഗീകാരം നൽകുന്നതിന് ബാക്ക് ലോഗ് റൊട്ടേഷൻ എന്നിവ പാലിച്ചിട്ടുണ്ടെന്ന് വിദ്യാഭ്യാസ ആഫീസർമാർ ഉറപ്പ് വരുത്തേണ്ടതാണ്.

11) ഒന്നോ അതിൽ കൂടുതലോ സ്കൂളുകൾ ഉള്ള സിംഗിൾ /കോർപ്പറേറ്റ് മാനേജർമാർ അവരുടെ മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളെ ഒറ്റ യൂണിറ്റായി പരിഗണിച്ച് ബാക്ക് ലോഗ് കണക്കാക്കി മേൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ച് സംവരണത്തിനായി നീക്കിവെക്കുന്ന ഒഴിവുകളുടെ വിവരങ്ങൾ സ്കൂൾ സഹിതമുള്ള ലിസ്റ്റ് പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഇത്തരം ലിസ്റ്റുകൾ നിയമനാംഗീകാര പ്രൊപ്പോസലിനൊപ്പം ഉൾപ്പെടുത്തേണ്ടതുമാണ്.

12) 08/11/2021 -ലെ G.O(P) No.19/21/G.Edn ഉത്തരവ് പ്രകാരം ഭിന്നശേഷി സംവരണം പാലിച്ചുള്ള നിയമനം ഈ ഉത്തരവ് തീയതിയ്ക്ക് ശേഷം ഉണ്ടാകുന്ന ഒഴിവുകളിലായിരിക്കും എന്ന്

വ്യക്തമാക്കിയിട്ടുണ്ട്. ഈ സാഹചര്യത്തിൽ ജി.ഒ(പി) നം.19/21/പൊ.വി.വ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 07/11/2021 വരെ മാനേജർമാർ നടത്തിയ നിയമനം ബഹു. ഹൈക്കോടതിയിൽ ഈ വിഷയത്തിൽ നിലനിൽക്കുന്ന കേസുകളുടെ വിധി വന്നശേഷം പ്രസ്തുത വിധിക്കനുസൃതമായി മാത്രമേ അംഗീകരിക്കുകയുള്ളൂ. 08/11/2021 ന് ശേഷമുള്ള നിയമനങ്ങളിൽ ബാക്ക് ലോഗ് (07/02/1996 മുതൽ 07/11/2021) ഉൾപ്പെടെയുള്ള ഭിന്നശേഷി സംവരണം പാലിച്ച് മാത്രം മാനേജർമാർ നിയമനം നടത്തേണ്ടതും, ആയത് പരിശോധിച്ച് മാത്രം വിദ്യാഭ്യാസ ആഫീസർമാർ അംഗീകാരം നൽകേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, എറണാകുളം(ആമുഖ കത്ത് സഹിതം )
എല്ലാ എയ്ഡഡ് സ്കൂളുകളുടെയും മാനേജർമാർക്ക് (ഡി ഇ ഒ/എ ഇ ഒ മുഖാന്തിരം)
എല്ലാ ആർ ഡി ഡി/വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും, ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും(പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന )
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനനന്തപുരം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
ഡയറക്ടർ(വെബ്&ന്യൂ മീഡിയ )/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള, തിരുവനന്തപുരം
സാമൂഹ്യനീതി വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.ക്ക്

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - ബഹു. കേരള ഹൈക്കോടതി റിട്ട് അപ്പിൽ നമ്പർ 1602/2022 തുടങ്ങിയ കേസുകളിൽ 13-03-2023 ന പുറപ്പെടുവിച്ച വിധിന്യായം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ - മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.29/2023/GEDN    തീയതി,തിരുവനന്തപുരം, 24-03-2023

പരാമർശം:
1. 18-11-2018 ലെ സ.ഉ. (അച്ചടി) നമ്പർ 18/2018/സാ.നീ.വ.
2. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
3. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെടുവിച്ച വിധിന്യായം.
4. 08-11-2021 ലെ സ.ഉ. (അച്ചടി) നമ്പർ 19/2021/പൊ.വി.വ.
5. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ.വി.വ.
6. റിട്ട് അപ്പീൽ നമ്പർ 1445/2022, 1602/2022 തുടങ്ങിയ കേസുകളിൽ ബഹു. കേരളഹൈക്കോടതി 13-03-2023 ന പുറപ്പെടുവിച്ച വിധിന്യായം.
7. 19-09-2022 ലെ സ.ഉ. (കൈ) നമ്പർ 162/2022/പൊ.വി.വ.
8. 28-10-2022 ലെ സർക്കാർ കത്ത് നമ്പർ ജെ3/49/2021/പൊ.വി.വ.
9. 07-05-2019 ലെ സ.ഉ. (അച്ചടി) നമ്പർ 5/2019/സാ.നീ.വ.
10. 25-08-2020 ലെ സ.ഉ. (അച്ചടി) നമ്പർ 19/2020/സാ.നീ.വ.
11. 28-10-2022 ലെ സ.ഉ. (അച്ചടി) നമ്പർ 7/2022/സാ.നീ.വ.

**ഉത്തരവ്**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം (1), (2) ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായി 7-2-1996 മുതൽ 18-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിലും, 19-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിലും ഭിന്നശേഷി സംവരണം നടപ്പാക്കി നിയമനം നടത്തണമെന്നും, 7-2-1996 മുതലുള്ള ബാക്ക്‌ലോഗ് ഒഴിവുകൾ 18-11-2018 മുതലുണ്ടായിട്ടുള്ള ഒഴിവുകളിൽ നികത്തണമെന്നും നിർദേശിച്ച് ബഹു . കേരള ഹൈക്കോടതി പരാമർശം (3) പ്രകാരം വിധിന്യായം പുറപ്പെടുവിച്ചിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പിലാക്കേണ്ടതു സംബന്ധിച്ച് പുറപ്പെടുവിച്ച പരാമർശം (5) ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബഹു ഹൈക്കോടതി ശരിവച്ചിട്ടുണ്ട്. എന്നാൽ 8-11-2021 മുതൽ ഉണ്ടാകുന്ന ഒഴിവുകളിലാണ് എയ്ഡഡ് സ്കൂളുകളിൽ

ഭിന്നശേഷി സംവരണ നിയമനം നടത്തേണ്ടതെന്ന ഈ ഉത്തരവിലെ വ്യവസ്ഥ ബഹു . കോടതി റദ്ദാക്കിയിട്ടുമുണ്ട്. മേൽ വ്യവസ്ഥകൾ പ്രകാരം ബാക്ക് ലോഗ് കണക്കാക്കി ഭിന്നശേഷി സംവരണ നിയമനം നടപ്പിലാക്കിയതിനുശേഷം മാത്രമേ 18-11-2018 ന ശേഷം മാനേജർമാർ നടത്തിയിട്ടുള്ള നിയമനങ്ങൾ അംഗീകരിക്കപ്പെടുകയുള്ളൂവെന്നും എന്നാൽ 18-11-2018നു ശേഷം ഏതെങ്കിലും നിയമനങ്ങൾ അംഗീകരിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അവ പുന:പരിശോധിക്കേണ്ടതില്ലെന്നും ബഹു. ഹൈക്കോടതി ഈ വിധിന്യായത്തിൽ നിർദേശിച്ചിട്ടുണ്ട്.

2) പരാമർശം (3) ലെ വിധിന്യായത്തിനെതിരെ മാനേജർമാരും നിയമനാംഗീകാരം ലഭിക്കാത്ത അധ്യാപകരും നിരവധി റിട്ട് അപ്പീലുകൾ സമർപ്പിക്കുകയുണ്ടായി. ഇപ്രകാരം സമർപ്പിക്കപ്പെട്ടിരുന്ന റിട്ട് അപ്പീലുകളിൽ പരാമർശം (6) പ്രകാരം ബഹു. കോടതി പൊതു വിധിന്യായം പുറപ്പെടുവിച്ചിരിക്കുകയാണ്. ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്കു മുഴുവൻ അവർക്ക് അർഹമായ തസ്തികകളിൽ നിയമനം ലഭിക്കണം, അതോടൊപ്പം അധ്യാപക അനധ്യാപകരുടെ നിയമനങ്ങൾ അംഗീകരിച്ചുകൊണ്ട് വിദ്യാർത്ഥികളുടെ അക്കാദമിക താല്പര്യങ്ങളും സംരക്ഷിക്കപ്പെടണം എന്നീ വസ്തുതകൾ കണക്കിലെടുത്താണ് ബഹു. കോടതി ഈ വിധിന്യായം പുറപ്പെടുവിച്ചിരിക്കുന്നത്. ആയതിനാൽ ഭിന്നശേഷി സംവരണം സംബന്ധിച്ച വിധിന്യായങ്ങളുടെയും, പ്രസ്തുത വിഷയത്തിൽ സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിലെ ഭിന്നശേഷി സംവരണ നിയമനം, അധ്യാപക അനധ്യാപക നിയമന അംഗീകാരങ്ങൾ സംബന്ധിച്ച മാർഗനിർദ്ദേശങ്ങൾ താഴെ പരാമർശിക്കും പ്രകാരം പുറപ്പെടുവിച്ച് ഉത്തരവാകുന്നു.

i) സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ മാനേജർമാർ പരാമർശം(5) ഉത്തരവ് പ്രകാരം ഇപ്പോൾ 'സമന്വയ' വഴി തയ്യാറാക്കിയിട്ടുള്ള റോസ്റ്റർ, ബഹു . ഹൈക്കോടതിയുടെ പരാമർശം (3) ലെയും (6) ലെയും വിധിന്യായങ്ങൾ , സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരം , ഓരോ എയ്ഡഡ് സ്കൂളിലും / മാനേജുമെന്റിലും ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ നിയമിക്കുന്നതിനായി ഒഴിവുകൾ മാറ്റി വയ്ക്കേണ്ടതും , 18-11-2018 മുതൽ ഉണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ട് ഇപ്പോൾ നിയമനാംഗീകാരമില്ലാതെ തുടരുന്ന അധ്യാപക , അനധ്യാപകരെ തൽസ്ഥാനങ്ങളിൽ നിന്നു മാറ്റി പ്രസ്തുത ഒഴിവിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെത്തന്നെ, ടിയാളുകളെ ലഭ്യമാകുന്ന മുറയ്ക്ക് നിയമിക്കേണ്ടതുമാണ് .

ii) പരാമർശം (3) ലെ വിധിന്യായത്തിൽ പുന:പരിശോധിക്കേണ്ടതില്ലെന്നു നിർദേശിക്കപ്പെട്ട നിയമനാംഗീകാരങ്ങൾ അപ്രകാരം തന്നെ തുടരുന്നതായിരിക്കും.

iii) ഇപ്രകാരം ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുവരെ പ്രസ്തുത ഒഴിവിൽ തുടരുന്ന അധ്യാപകന് / അനധ്യാപകന്, മറ്റെല്ലാ തരത്തിലും യോഗ്യതയുണ്ടെങ്കിൽ, പ്രസ്തുത ഒഴിവ് താൽക്കാലികമായി കണക്കാക്കിക്കൊണ്ട്, ശമ്പള സ്കെയിലിൽ അംഗീകാരവും എല്ലാ അലവൻസുകളുമടക്കമുള്ള ശമ്പളവും നൽകേണ്ടതാണ്. എന്നാൽ ഇവരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്യാനോ വാർഷിക ഇൻക്രിമെന്റുകൾ അനുവദിക്കാനോ പാടില്ല. ഇപ്രകാരം നിയമനാംഗീകാരം നൽകുന്നതിനു ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെ കാത്തിരിക്കേണ്ടതുമില്ല. മാനേജർ, സബ് റീജിയണൽ / സ്പെഷ്യൽ

എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പ് ലഭ്യമായാൽ അക്കാര്യം ഉറപ്പ വരുത്തിക്കൊണ്ട് പ്രസ്തുത ഒഴിവിൽ നിയമിക്കപ്പെട്ടിരിക്കുന്ന ആളിന് താൽക്കാലിക നിയമനാംഗീകാരം നൽകേണ്ടതാണ്. ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്ന തീയതി വരെയായി ഈ നിയമനാംഗീകാരം പരിമിതപ്പെടുത്തിയാണ് ഉത്തരവ് നൽകേണ്ടത്. 18-11-2018 മുതൽ 07-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 07-11-2021 ന ശേഷം നിയമിക്കപ്പെട്ട ആളാണെങ്കിലും മേല്പറഞ്ഞ താൽക്കാലിക നിയമനാംഗീകാരത്തിന് അർഹതയുണ്ടായിരിക്കും. ഇപ്രകാരം താൽക്കാലിക നിയമനാംഗീകാരം നൽകുന്നതിന് മാനേജർ, സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർക്ക് അയച്ച ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ആവശ്യപ്പെട്ടുകൊണ്ടുള്ള Requisition Form ന്റെ പകർപ്പും ഭിന്നശേഷി സംവരണ നിയമനത്തിനായി മാറ്റിവച്ച ഒഴിവിന്റെ വിവരങ്ങൾ അടങ്ങിയ വിശദമായ റിപ്പോർട്ടും ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർക്കു സമർപ്പിക്കേണ്ടതാണ്. ഒഴിവ് റിപ്പോർട്ട് ചെയ്ത കാര്യം ഉറപ്പ വരുത്തിക്കൊണ്ടു മാത്രമേ ഇത്തരത്തിൽ താൽകാലിക നിയമനാംഗീകാരം നൽകാവൂ.

iv) മേൽ പറഞ്ഞു പ്രകാരം താൽക്കാലിക നിയമനാംഗീകാരം നേടുന്ന ആൾ ഭിന്നശേഷി ഉദ്യോഗാർത്ഥി ജോലിയിൽ പ്രവേശിക്കുന്നതുമൂലം പുറത്തു പോകേണ്ടി വരുമ്പോൾ ആ സ്കൂളിൽ / ആ മാനേജുമെന്റിലെ മറ്റു സ്കൂളുകളിൽ പിന്നീടുണ്ടാകുന്ന ഒഴിവുകളിൽ, അതിൽ നിയമിക്കപ്പെടാനുള്ള അയാളുടെ മറ്റു യോഗ്യതകൾക്കു വിധേയമായി, പുനർ നിയമനത്തിന് കെ.ഇ.ആർ അദ്ധ്യായം XIV (A), ചട്ടം 51 A യ്ക്കു തുല്യമായ അവകാശം ഉണ്ടായിരിക്കും. ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററി മേഖലകളിൽ ചട്ടം 51 A അവകാശം അനുവദിച്ചിട്ടില്ലാത്തതിനാൽ ഇത്തരം സന്ദർഭങ്ങളിൽ ചട്ടം 51 A യ്ക്കു തുല്യമായ മുൻഗണന നൽകാവുന്നതാണ്.

v) റോസ്റ്റർ പ്രകാരം നിയമിക്കേണ്ട എണ്ണം ഒഴിവുകൾ ഭിന്നശേഷി നിയമനത്തിനായി മാറ്റിവച്ച് മാനേജർ ഒഴിവുകൾ റിപ്പോർട്ട് ചെയ്താൽ അക്കാര്യവും ഒഴിവുകളുടെ നിജസ്ഥിതിയും ഉറപ്പവരുത്തിക്കൊണ്ട് 18.11.2018 മുതൽ മാനേജർ നടത്തിയിട്ടുള്ള മറ്റ് അദ്ധ്യാപക / അനദ്ധ്യാപകരുടെ നിയമനങ്ങൾ അവരുടെ നിയമനത്തീയതി മുതൽ തന്നെ താൽക്കാലികമായി (പ്രൊവിഷണൽ) അംഗീകരിക്കാവുന്നതും ശമ്പളവും മറ്റ് അലവൻസുകളും അനുവദിക്കാവുന്നതുമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും ഭിന്നശേഷി വിഭാഗം ഉദ്യോഗാർത്ഥിയെ ലഭ്യമാക്കി ബാക്ക് ലോഗ് പരിഹരിച്ച് മാനേജർ നിയമിക്കുകയും, അംഗീകാരം ലഭിക്കുകയും ചെയ്ത് നൽകുന്ന മുറയ്ക്ക് പ്രസ്തുത കാറ്റഗറിയിൽ പ്രൊവിഷണലായി തുടരുന്ന മറ്റ് നിയമനങ്ങൾ നിയമന തീയതി മുതൽ വിദ്യാഭ്യാസ ഓഫീസർ പരിശോധിച്ച് റഗുലറൈസ് ചെയ്യാവുന്നതാണ്.

vi) പരാമർശം (5) ലെ ഉത്തരവിൽ നിർദേശിച്ചിട്ടുള്ള നടപടിക്രമങ്ങളെല്ലാം പാലിച്ചതിനു ശേഷവും സംവരണ നിയമനത്തിനായി ഭിന്നശേഷി ഉദ്യോഗാർത്ഥിയെ ലഭിക്കുന്നില്ലെങ്കിൽ പ്രസ്തുത ഒഴിവിൽ താൽക്കാലിക നിയമനാംഗീകാരത്തോടെ തുടരുന്ന ആളിനെ അയാളുടെ 18-11-2018 ന ശേഷമുള്ള നിയമനത്തീയതി മുതൽ തന്നെ സ്ഥിരപ്പെടുത്താവുന്നതാണ്.

vii) റോസ്റ്റർ തയ്യാറാക്കി സമർപ്പിക്കാത്ത മാനേജ്മെന്റുകളുടെ ബാക്ക് ലോഗ് കണക്കാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത മാനേജ്മെന്റിലെ നിയമനങ്ങൾക്ക് അംഗീകാരം നൽകേണ്ടതില്ല. ഇത്തരം മാനേജ്മെന്റുകളിൽ തുടരുന്ന ജീവനക്കാരുടെ നിയമനാംഗീകാരം റോസ്റ്റർ സമർപ്പിച്ച് അംഗീകരിച്ച് നൽകുന്ന മുറയ്ക്ക് പരിഗണിച്ചാൽ മതിയാകും.

viii) സാമൂഹ്യ നീതി വകുപ്പിന്റെ പരാമർശത്തിലെ ഉത്തരവുകളും 31.10.2019-ലെ സ.ഉ(പി) നം. 12/2019/സാനീവ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ The Person with Disabilities (Equal opportunities, Protection of Rights and Full Participation) Act, 1995 ലെ സെക്ഷൻ 33 പ്രകാരം 7-2-1996 മുതൽ 17-4-2017 വരെയുള്ള കാലയളവിലെ കേഡർ സ്ട്രെംഗ്തിലെ ആകെ ഒഴിവുകളുടെ 3 ശതമാനത്തിൽ ഓരോ കാറ്റഗറിയിലും (i) Blindness or Low Vision, (ii) Hearing impairment, (iii) Locomotor Disability or Cerebral Palsy വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും (ഒരു ശതമാനം വീതം), The Rights of Persons with Disabilities Act, 2016 ലെ സെക്ഷൻ 34 പ്രകാരം 18-04-2017 മുതലുള്ള ഒഴിവുകളുടെ 4 ശതമാനത്തിൽ (*a*) blindness and low vision; (*b*) deaf and hard of hearing; (*c*) locomotor disability including cerebral palsy, leprosy cured, dwarfism, acid attack victims and muscular dystrophy; (ഒരു ശതമാനം വീതം) (*d*) autism, intellectual disability, specific learning disability and mental illness; (*e*) multiple disabilities from amongst persons under clauses (*a*) to (*d*) including deaf-blindness in the posts identified for each disabilities (d, e വിഭാഗങ്ങൾക്ക് രണ്ടിനും കൂടി ഒരു ശതമാനം) വിഭാഗങ്ങളിലുള്ള ഭിന്നശേഷിക്കാരെയും നിയമിക്കേണ്ടതാണ്.

ix) 08/11/2021 ന ശേഷം ഉണ്ടായ ഒഴിവുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകേണ്ടതും, ഭിന്നശേഷി സംവരണം പാലിക്കപ്പെടുന്ന മുറയ്ക്ക് മറ്റ് വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അത്തരം സ്കൂളുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ തുടരുന്നവരെ, അവരുടെ നിയമന തീയതി മുതൽ റഗുലറായി ക്രമീകരിക്കാവുന്നതുമാണ്.

x) ഇതിനകം അംഗീകാരം നിരസിക്കപ്പെട്ട നിയമനങ്ങളിൽ ഏതിനെങ്കിലും മേൽ പ്രസ്താവിച്ച സ്പഷ്ടീകരണങ്ങളുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകാൻ കഴിയുമെങ്കിൽ അവ അപ്പലേറ്റ് ഉത്തരവ് ഇല്ലാതെ തന്നെ വിദ്യാഭ്യാസ ഓഫീസർമാർക്ക് പുന:പരിഗണിക്കാവുന്നതാണ്.

xi) മേൽ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ പൊതു വിദ്യാഭ്യാസ ഡയറക്ടർ വിശദമായ തുടർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നതായിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എ പി എം മുഹമ്മദ് ഹനീഷ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും
ഡയറക്ടർ വിവര പൊതു ജന സമ്പർക്ക വകുപ്പ്
ഡയറക്ടർ, ഐ.റ്റി @ സ്കൂൾ, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
ബഹു.പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
പൊതുവിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സ.ഉ.(കൈ) നം.74/2023/GEDN

**"ഭരണഭാഷ- മാതൃഭാഷ"**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസ വകുപ്പ് - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിനുള്ള മാർഗ്ഗരേഖ - ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്**

സ.ഉ.(കൈ) നം.74/2023/GEDN    തീയതി,തിരുവനന്തപുരം, 09-06-2023

---

പരാമർശം:-

1. സ.ഉ.(കൈ) നം.111/2022/പൊ.വി.വ. തീയതി 25.06.2022
2. WP(C) 19808/2021 കേസിലേയും മറ്റ് അനുബന്ധ കേസുകളിലേയും 10.08.2022 തീയതിയിലെ അന്തിമ വിധിന്യായം
3. സ.ഉ.(കൈ) നം.162/2022/പൊ.വി.വ. തീയതി 19.09.2022
4. റിട്ട് അപ്പീൽ നമ്പർ 1445/2022, 162/2022 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 13-03-2023 ന് പുറപ്പെടുവിച്ച വിധിന്യായം.
5. സ.ഉ.(കൈ) നം.29/2023/പൊ.വി.വ തീയതി 24-03-2023

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ബഹു.ഹൈക്കോടതിയുടെ വിധിന്യായങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പരാമർശം (1), (3), (5) എന്നിവ പ്രകാരം ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു.

പരാമർശം (1) ഉത്തരവിലെ മാർഗ്ഗനിർദ്ദേശം (6) ൽ പ്രതിപാദിച്ചിരുന്ന "പ്രധാനപ്പെട്ട 3 മലയാള ദിനപത്രങ്ങളിലും, 2 ഇംഗ്ലീഷ് ദിനപത്രങ്ങളിലും" എന്നത് "പ്രധാനപ്പെട്ട 2 മലയാള ദിനപത്രങ്ങളിലും, 1 ഇംഗ്ലീഷ് ദിനപത്രത്തിലും" എന്നും പരാമർശം (5) ഉത്തരവിലെ മാർഗ്ഗനിർദ്ദേശം 2 (iii) ൽ പ്രതിപാദിച്ചിരുന്ന "18-11-2018 മുതൽ 07-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 07-11-2021 ന് ശേഷം" എന്നത് "18-11-2018 മുതൽ 08-11-2021 വരെ ഉണ്ടായ ഒഴിവുകളിൽ 08-11-2021 ന് ശേഷം" എന്നും ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം (1), (5) ഉത്തരവുകൾ മേൽ ഭേദഗതികളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ മേഖലാ ഉപമേധാവിമാർക്കും അസി.ഡയറക്ടർമാർക്കും വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതുവിദ്യാഭ്യാസ

സ.ഉ.(കൈ) നം.74/2023/GEDN

ഡയറക്ടർ മുഖേന)

പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.

ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കൈറ്റ്, തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

പൊതുവിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ ക്ക്.

പൊതുവിദ്യാഭ്യാസ ജോയിന്റ് സെക്രട്ടറിയുടെ സി.എ ക്ക്

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ (ജെ ആർ) വകുപ്പ്

നം.പൊ.വി.വ-ജെ ആർ 1/502/2023-പൊ.വി.വ 01-11-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ,

തിരുവനന്തപുരം.

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം-ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് നിയമനാംഗീകാരം ലഭിക്കുന്നതിനായി ഫയൽ ചെയ്തിട്ടുള്ള കോടതി അലക്ഷ്യ ഹർജികളിലെ വിധി പാലിക്കുന്നതിന് നിർദ്ദേശം നൽകുന്നതു സംബന്ധിച്ച്

സൂചന:- 1. 19/10/2023 ലെ കോടതിയലക്ഷ്യക്കേസ് നമ്പർ Con.Case(C) No.2014/2023 in WA 1725/2022.

2. ബഹു.സുപ്രീം കോടതിയുടെ SLP(C) No.37138/2023 നമ്പർ കേസിലെ 30/10/2023ലെ ഇടക്കാല വിധി.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ബഹു.ഹൈക്കോടതിയുടെ 19/10/2023 ലെ ഇടക്കാല ഉത്തരവിൽ ഭിന്നശേഷി സംവരണം സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗനിർദേശങ്ങൾ പാലിക്കപ്പെടാത്തതിനാൽ മാത്രം നിയമന അംഗീകാരം നല്കിയിട്ടില്ലാത്ത കേസുകളിൽ, മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, അപ്രകാരമുള്ള നിയമനങ്ങൾക്കു പ്രൊവിഷണലായി നിയമന അംഗീകാരം നൽകുവാനും അതനുസരിച്ച് ശമ്പളം നൽകുവാനും നിർദ്ദേശിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ യോഗ്യതയില്ലാത്തതിനാലോ, സീനിയോറിറ്റി പ്രശ്നങ്ങളാലോ, നിയമനാംഗീകാരം നൽകുന്നതിന് തടസ്സമാകുന്ന മറ്റെന്തെങ്കിലും കാരണങ്ങളാലോ നിയമനാംഗീകാരം നൽകാൻ കഴിയാത്ത കേസുകളിലൊഴികെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ മാത്രമാണ് നിയമനാംഗീകാരം നൽകാതിരുന്നതിന്റെ കാരണമെങ്കിൽ ആയത് കണക്കിലെടുക്കാതെ, സൂചന 1 ലെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ 18/11/2018നും 8/11/2021നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നതിന് അനുമതി നൽകുന്നു. 8/11/2021 നു ശേഷമുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവർക്ക് 13/3/2023ലെ ഡിവിഷൻ ബഞ്ചിന്റെ വിധിയുടെ അടിസ്ഥാനത്തിൽ ദിനവേതനാടിസ്ഥാനത്തിൽ മാത്രമേ നിയമനാംഗീകാരം നൽകാവൂ.

സൂചന 2ലെ ബഹു.സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി നിയമന നടപടികൾ ത്വരിതപ്പെടുത്തുന്നതിനായി ഇതുവരെ നടപടിയൊന്നും സ്വീകരിക്കാത്ത മാനേജ്മെന്റുകൾക്ക് അടിയന്തരമായി ഇതിനായി നടപടി സ്വീകരിക്കുവാൻ നിർദേശം നൽകേണ്ടതും വിദ്യാഭ്യാസ ഓഫീസർമാർ മാനേജ്മെന്റുകൾ നടപടി സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. ഭിന്നശേഷി സംവരണം പാലിച്ച് നിയമനം നടത്തിയാൽ മാത്രമേ നിലവിൽ പ്രൊവിഷണലായി നിയമനാംഗീകാരം നൽകുന്നവർക്ക് റഗുലർ നിയമനം നൽകേണ്ടതുള്ളൂ.

ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ റോസ്റ്ററിലെ അപാകതയോ കാരണം നിയമനാംഗീകാരം ലഭിക്കാത്ത നിരവധി പേർ നിയമനാംഗീകാരം നൽകുന്നതിനായി അനുകൂല കോടതിവിധികൾ വ്യക്തിഗതമായി നേടിയിട്ടുണ്ട്. അത്തരം കേസുകളിലും മേൽ സൂചിപ്പിച്ച പ്രകാരം മറ്റുവിധത്തിൽ ക്രമപ്രകാരമാണോ എന്ന് പരിശോധിച്ചതിനു ശേഷം നിയമനാംഗീകാരം നൽകാവുന്നതാണ്. കോടതിക്കേസുകൾ ഫയൽ ചെയ്തവർക്ക് നിയമനാംഗീകാരം നൽകുന്നതിന് നിലവിൽ അനുകൂല വിധി ലഭിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിൽ സമാനമായ നിരവധി അപേക്ഷകൾ നിയമനാംഗീകാരവുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ടിട്ടുണ്ട്. ആയത് പരിഗണിച്ച് കൂടി അംഗീകാരം നൽകാതെയിരുന്നാൽ കേസ് ഫയൽ ചെയ്ത ജൂനിയറിന് കോടതി വിധിയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം ലഭിക്കുമ്പോൾ സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ള സീനിയറിന് നിയമനാംഗീകാരം ലഭിക്കാതെ വരുന്ന സാഹചര്യമുണ്ടാകുമെന്നും ആയത് കൂടുതൽ കോടതികേസുകളിലേയ്ക്കും ഫീൽഡ്തലത്തിൽ മറ്റ് പ്രശ്നങ്ങളിലേക്കും വഴി വയ്ക്കുമെന്നും സർക്കാർ നിരീക്ഷിക്കുന്നു. പെറ്റീഷണർമാർക്ക് നിയമനാംഗീകാരം നൽകുന്നതിന് ബഹു.കോടതി പരാമർശിച്ചിട്ടുള്ള കാരണങ്ങൾ നിയമനാംഗീകാരം ലഭിക്കാത്ത, സമാന അവസ്ഥയിലുള്ള മറ്റുള്ളവർക്കും ബാധകമാകുന്നതാണെന്നും കാണുന്നു.എന്നാൽ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും കേസുകൾ നിലവിലുണ്ട്. ആയതിനാൽ 18/11/2018നും 8/11/2021നും ഇടയ്ക്കുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക്, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ചയോ തടസ്സമാക്കാതെ, ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്കു വിധേയമായി, മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുന്നതിനും അനുമതി നൽകുന്നു.

സൂചന 1 ലെ വിധിയുടെ അടിസ്ഥാനത്തിൽ നിയമനാംഗീകാരം നൽകി ശമ്പളം വിതരണം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ സംബന്ധിച്ച റിപ്പോർട്ട് അതാത് വിദ്യാഭ്യാസ ഓഫീസർമാർ നേരിട്ട് അഡ്വക്കേറ്റ് ജനറലിനെ അറിയിച്ച് കോടതിയലക്ഷ്യക്കേസുകൾ തീർപ്പാക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ ഹയർ സെക്കന്ററി, വൊക്കേഷണൽ ഹയർ സെക്കന്ററിയിലേതുൾപ്പെടെ ബന്ധപ്പെട്ട എല്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും നിർദ്ദേശം നൽകേണ്ടതാണ്.

നിയമനാംഗീകാരം നൽകുന്നതു സംബന്ധിച്ചും ഭിന്നശേഷി സംവരണം പാലിച്ച മാനേജർമാർ നിയമനം നടത്തുന്നതു സംബന്ധിച്ചുമുള്ള സ്റ്റാറ്റസ് റിപ്പോർട്ട് സർക്കാരിന് രണ്ടാഴ്ചക്കകം സമർപ്പിക്കുവാനും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

I/6042385/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

ജെ ആർ 1/502/2023-പൊ.വി.വ | 24-01-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം- സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി വിഭാഗത്തിലുള്ളവരുടെ നിയമനങ്ങൾ സംബന്ധിച്ച്

സൂചന:-
1. GO(Ms)No.111/2022/GEDN dated 25.06.2022.
2. GO(Ms)No.29/2023/GEDN dated 24.03.2023.
3. JR1/502/2023/GEDN dated 1.11.2023.

സൂചനകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് 18/11/2018നും 8/11/2021നും ഇടയിലുണ്ടായ ഒഴിവുകളിൽ നിയമിക്കപ്പെട്ടവരിൽ ഇനിയും അംഗീകാരം നൽകാത്തവർക്ക്, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കുന്നതിലെ വീഴ്ച്ചയോ തടസ്സമാക്കാതെ ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ബഹു.സുപ്രീം കോടതിയിലും ബഹു.ഹൈക്കോടതിയിലും നിലവിലുള്ള കേസുകളിലെ അന്തിമവിധിക്കു വിധേയമായി മറ്റുവിധത്തിൽ ക്രമപ്രകാരമെങ്കിൽ പ്രൊവിഷണലായി അംഗീകാരം നൽകുവാൻ സൂചന (3) പ്രകാരം അനുമതി നൽകിയിരുന്നു.

2. റോസ്റ്റർ സമർപ്പിക്കാത്തതു കൊണ്ടും, സമർപ്പിച്ച റോസ്റ്ററുകളിൽ ഭിന്നശേഷിയുള്ളവരുടെ നിയമനത്തിന് മാറ്റി വെച്ചിട്ടുള്ളത് 8.11.2021 തീയതിയ്ക്ക് ശേഷമുള്ള ഒഴിവാണെന്ന കാരണം കൊണ്ടും, അധ്യാപക അനധ്യാപകർക്കു നിയമനാംഗീകാരം നൽകാത്തത് പോലെ, ഭിന്നശേഷിയുള്ളവരുടെ



Generated from eOffice by PRIYADARSHINI MOHANDAS, US (JR) G.EDN, US (JR) G.EDN, GEDN on 06/05/2024 12:59 PM

I/6042385/2024

നിയമനങ്ങളും നൽകാത്ത സാഹചര്യം ഉള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. ഈ സ്ഥിതി ഒഴിവാക്കുന്നതിനായി സൂചന (3) കത്തിലെ നിർദേശത്തിനു സമാനമായി, മാനേജർമാർ സമർപ്പിക്കുന്ന റോസ്റ്ററിലെ അപാകതയോ റോസ്റ്റർ സമർപ്പിക്കാത്തത് കൊണ്ടോ, **8.11.2021** തീയതിയ്ക്ക് ശേഷമുള്ള ഒഴിവാണ് ഭിന്നശേഷി നിയമനത്തിനായി റിപ്പോർട്ട് ചെയ്യതെന്ന കാരണം കൊണ്ടോ നിരസിച്ചിട്ടുള്ള ഭിന്നശേഷിയുള്ളവരുടെ നിയമനങ്ങൾ ഉണ്ടെങ്കിൽ ആയതു അപ്പീൽ അധികാരിയുടെ ഉത്തരവ് കൂടാതെ മറ്റു വിധത്തിൽ ക്രമ പ്രകാരമെങ്കിൽ അംഗീകരിച്ചു നൽകുവാൻ നിർദേശം നൽകുന്നു.

**3.** നിയമനാംഗീകാരം നൽകുന്നതു സംബന്ധിച്ചും ഭിന്നശേഷി സംവരണം പാലിച്ചു മാനേജർമാർ നിയമനം നടത്തുന്നതു സംബന്ധിച്ചുമുള്ള സ്റ്റാറ്റസ് റിപ്പോർട്ട് സർക്കാരിന് അടിയന്തരമായി സമർപ്പിക്കുവാനും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
**MEENAMBIKA M I**
**JOINT SECRETARY**
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.



Generated from eOffice by PRIYADARSHINI MOHANDAS, US (JR) G.EDN, US (JR) G.EDN, GEDN on 06/05/2024 12:59 PM

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്

E-Mail: so.gednjr@kerala.gov.in

നമ്പർ.GE-JR1/562/2023-G.EDN 03-04-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ശമ്പള സ്കെയിലിൽ പ്രൊവിഷണലായി അംഗീകാരം നൽകിയ ജീവനക്കാർക്ക് PEN അനുവദിക്കുന്നതും, കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതും- സംബന്ധിച്ച്

സൂചന:- 1. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന് പുറപ്പെടുവിച്ച വിധിന്യായം.

2. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ.വി.വ നമ്പർ ഉത്തരവ്.

3. 24-03-2023 ലെ സ.ഉ.(കൈ) നമ്പർ 29/2023/ പൊ.വി.വ നമ്പർ ഉത്തരവ്.

4. 1.11.2023, 24.01.2024 തീയതികളിലെ ജെ.ആർ1/502/പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.

5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03.11.2023 തീയതിയിലെ നമ്പർ ഡി.ജി.ഇ 15133/2023/H2 നമ്പർ കത്ത്.

സൂചനകളിലേക്കു ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമന അംഗീകാരം നൽകിയ ജീവനക്കാർക്ക് PEN അനുവദിക്കുന്നതിനും, കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നല്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വിദ്യാഭ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകേണ്ടതാണ്.

ഇങ്ങനെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുമ്പോൾ 27/1/2021 ലെ 7/2021/ധന നം സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിക്കപ്പെട്ട തീയതി മുതൽ ടി നിയമനം അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തീയ്യതി വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക പി.എഫ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം ലഭ്യമായ

ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളൂ എന്ന വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/585/2023-G.EDN 05-09-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - അധിക തസ്തികകളിലെ ഭിന്ന ശേഷി നിയമനം, 2016-2017 മുതൽ 2019-2020 വരെയുള്ള കാലയളവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തിക ഒഴിവുകളിൽ 2019-2020 നു ശേഷം നടത്തിയ/നടത്തുന്ന നിയമനങ്ങളുടെ അംഗീകാരം- സ്പഷ്ടീകരണം നൽകുന്നതു സംബന്ധിച്ച്.

സൂചന:- 1. സ. ഉ (അച്ചടി) 4/2021/പൊ.വി.വ തീയതി 06.02.2021
2. സ. ഉ (അച്ചടി) 2/2023/പൊ.വി.വ തീയതി 23.01.2023
3. തലശ്ശേരി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 4/3/2024ലെ ബി1/477/24/deotly നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. അധിക തസ്തികകളിലെ ഭിന്ന ശേഷി നിയമനം, 2016-2017 മുതൽ 2019-2020 വരെയുള്ള ഇളവ് കാലയളവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തിക ഒഴിവുകളിൽ 2019-2020 നു ശേഷം നടത്തിയ/നടത്തുന്ന നിയമനങ്ങളുടെ അംഗീകാരം എന്നിവ സംബന്ധിച്ച് ചുവടെ പറയും പ്രകാരം സ്പഷ്ടീകരണം നൽകുന്നു:

a) ഭിന്നശേഷിക്കാരെ നിയമിക്കുന്നതിനായി മറ്റ് ഒഴിവുകളൊന്നും നിലവിലില്ലെങ്കിൽ മാത്രം ചട്ടം 51 എ, ചട്ടം 43, ചട്ടം 51 ബി അവകാശികൾക്കു വിധേയമായി സംരക്ഷിതാധ്യാപകരെ നിയമിക്കേണ്ടതായ അധികതസ്തികകളിൽ ഭിന്നശേഷിയുള്ളവരെ മാനേജർ നിയമിച്ചാൽ, പ്രസ്തുത നിയമനം മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ ആയതിന് അംഗീകാരം നൽകാവുന്നതാണ്. ഇതിനായി മറ്റ് ഒഴിവുകളൊന്നും തന്നെ ലഭ്യമല്ല എന്ന സത്യപ്രസ്താവന മാനേജർ സമർപ്പിക്കേണ്ടതും ആയത് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതുമാണ്.ഇതിനോടകം

അംഗീകാരം നൽകിയ കേസുകൾ പുന:പരിശോധിക്കേണ്ടതില്ല.

b) സൂചന (1) ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായി 2016-2017 മുതൽ 2019-2020 വരെയുള്ള കാലയളവിൽ അനുവദിക്കപ്പെട്ടിട്ടുള്ള അധിക തസ്തിക ഒഴിവുകളിൽ 2019-2020 ന ശേഷം നടത്തിയതും ഇനി നടത്തുന്നതുമായ എല്ലാ നിയമനങ്ങൾക്കും സൂചന (2) ഉത്തരവിലെ (v) ലെ വ്യവസ്ഥകൾ ബാധകമാണ്.

വിശ്വസ്തതയോടെ,
MEENAMBIKA M I
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

I/6145365/2024

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്

E-Mail: so.gednjr@kerala.gov.in

നമ്പർ.GE-JR1/562/2023-G.EDN

03-04-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം.

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട ശമ്പള സ്കെയിലിൽ പ്രൊവിഷണലായി അംഗീകാരം നൽകിയ ജീവനക്കാർക്ക് PEN അനുവദിക്കുന്നതും, കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുന്നതും- സംബന്ധിച്ച്

സൂചന:- 1. റിട്ട് പെറ്റിഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന് പുറപ്പെടുവിച്ച വിധിന്യായം.

2. 25-06-2022 ലെ സ.ഉ. (കൈ) നമ്പർ 111/2022/ പൊ.വി.വ നമ്പർ ഉത്തരവ്.
3. 24-03-2023 ലെ സ.ഉ.(കൈ) നമ്പർ 29/2023/ പൊ.വി.വ നമ്പർ ഉത്തരവ്.
4. 1.11.2023, 24.01.2024 തീയതികളിലെ ജെ.ആർ1/502/പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.
5. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 03.11.2023 തീയതിയിലെ നമ്പർ ഡി.ജി.ഇ 15133/2023/H2 നമ്പർ കത്ത്.

സൂചനകളിലേക്ക ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട് പ്രൊവിഷണലായി ശമ്പള സ്കെയിലിൽ നിയമന അംഗീകാരം നൽകിയ ജീവനക്കാർക്ക് PEN അനുവദിക്കുന്നതിനും, കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നല്കുന്നതിനുമുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുവാൻ വിദ്യാഭ്യാഭ്യാസ ഓഫീസർമാർക്ക് നിർദേശം നൽകേണ്ടതാണ്.

ഇങ്ങനെ കേരള എയ്ഡഡ് സ്കൂൾ എംപ്ലോയിസ് പ്രോവിഡന്റ് ഫണ്ടിൽ അംഗത്വം നൽകുമ്പോൾ 27/1/2021 ലെ 7/2021/ധന നം സർക്കുലർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ, നിയമനം മുൻകാല പ്രാബല്യത്തിൽ അംഗീകരിക്കപ്പെട്ട തീയതി മുതൽ ടി നിയമനം അംഗീകരിച്ചുകൊണ്ട് പുറപ്പെടുവിച്ച ഉത്തരവ് തീയ്യതി വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശിക പി.എഫ് അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതും ടി തുക ജീവനക്കാർക്ക് നിയമനാംഗീകാരം ലഭ്യമായ

ഉത്തരവിന്റെ തീയതി മുതൽ 5 വർഷം കഴിഞ്ഞ് മാത്രമേ പിൻവലിക്കാൻ അനുമതിയുള്ളൂ എന്ന വ്യവസ്ഥയും ഉൾപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതു വിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

നമ്പർ.ജെ.ആർ1/17/2024/GEDN 11-04-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

സ്വീകർത്താവ്

പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതു വിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി അല്ലാതെ മാനേജർമാർ നേരിട്ടു നടത്തിയ ഭിന്നശേഷി വിഭാഗത്തിൽ പെട്ടവരുടെ നിയമനം അംഗീകരിക്കുന്നത് - സ്പഷ്ടീകരണം നൽകുന്നതു സംബന്ധിച്ച്.

സൂചന:- 1. 25/06/2022 ലെ സ.ഉ.(കൈ) നം.111/2022/GEDN നമ്പർ സർക്കാർ ഉത്തരവ്.

2. പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ച 23.11.2022 തീയതിയിലെ H2/295299/DGE നമ്പർ പരിപത്രം.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പിലാക്കുന്നതു സംബന്ധിച്ച് സൂചന (1) പ്രകാരം സർക്കാർ മാർഗ്ഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് തീയതിയിൽ (25.06.2022) ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ടെങ്കിൽ ആ നിയമനങ്ങൾ ബാക് ലോഗിൽ കുറവ് വരുത്താവുന്നതാണെന്നും, 25.06.2022 തീയതിക്കു ശേഷം ഭിന്നശേഷി നിയമനങ്ങൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നടത്തണമെന്നുമാണ് സർക്കാർ മാർഗ്ഗ നിർദേശം നൽകിയിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (2) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നിയമനം നടത്തുന്നതു ഉൾപ്പെടെയുള്ള വിഷയങ്ങളെ സംബന്ധിച്ച് വിശദമായ മാർഗനിർദേശങ്ങൾ

പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലർ പുറപ്പെടുവിച്ച തീയതിയ്ക്ക് (23.11.2022) മുമ്പായി തന്നെ ചില മാനേജർമാർ ഭിന്നശേഷി വിഭാഗത്തിൽപെട്ടവരെ നേരിട്ട് നിയമിച്ചിട്ടുള്ളതും, പ്രസ്തുത നിയമനങ്ങൾക്ക് അംഗീകാരം നൽകാതെ തുടർന്ന് വരുന്നതായും ശ്രദ്ധയിൽപെട്ടിട്ടുണ്ട്.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം പാലിച്ച് നിയമനം നടത്തുന്നത് സംബന്ധിച്ച് വിശദമായ മാർഗ നിർദേശങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടർ പുറപ്പെടുവിച്ചത് സൂചന (2) പ്രകാരം 23.11.2022 തീയതിയിലാണെന്ന വസ്തുത കണക്കിലെടുത്തും, ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഒട്ടനവധി നിയമനങ്ങൾക്ക് എംപ്ലോയ്മെന്റ് മുഖേനയല്ല നിയമനം എന്നതിനാൽ അംഗീകാരം ലഭിക്കാതെ തുടരുന്ന സാഹചര്യം കണക്കിലെടുത്തും പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 23/11/2022ലെ സർക്കുലർ തീയതിയിലോ, അതിനു മുമ്പോ ഏതെങ്കിലും എയ്ഡഡ് സ്കൂളുകളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയല്ലാതെ ഭിന്നശേഷിയുള്ളവരുടെ നിയമനം മാനേജർമാർ നേരിട്ട് നടത്തിയിട്ടുണ്ടെങ്കിൽ, പ്രസ്തുത നിയമനങ്ങൾ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാമെന്നും, ടി തീയതിക്ക് (23.11.2022) ശേഷമുള്ള നിയമനങ്ങൾ സൂചന 1 സർക്കാർ ഉത്തരവ് പ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ളതാണെങ്കിൽ മാത്രം ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിച്ചാൽ മതിയാകും എന്നും അറിയിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും യോഗ്യതയുള്ളവരില്ലായെന്ന സർട്ടിഫിക്കറ്റ് ലഭിക്കുന്ന പക്ഷം മാത്രം പത്രപരസ്യം നൽകി നേരിട്ടു നിയമനം നൽകുന്നവരെ ഭിന്നശേഷി സംവരണ നിയമനത്തിന്റെ പരിധിയിൽപ്പെടുത്തി അംഗീകരിക്കാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,
MEENAMBIKA M I
JOINT SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Ravikumar

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (ജെ.ആർ)വകുപ്പ്

നമ്പർ.GE-JR1/129/2023-G.EDN 29-04-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം (ഹയർ സെക്കന്ററി വിഭാഗം)

സർ,

വിഷയം:- പൊ.വി.വ-ഹ.സെ.വി-എയ്ഡഡ്-കോഴിക്കോട്, എരഞ്ഞിപ്പാലം കരുണ ബധിര മൂക ഹയർ സെക്കണ്ടറി സ്കൂൾ മാനേജരുടെ നിവേദനം -സംബന്ധിച്ച്

സൂചന:- 1.പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ (ഹയർ സെക്കന്ററി വിഭാഗം) 02-08-2023 തീയതിയിലെ HSE/2021/2023-Acd C1 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഭിന്നശേഷി സംവരണ നിയമം നടപ്പാക്കുന്നതിന് സർക്കാർ സഹായം ലഭിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും ബാധ്യതയുള്ളതിനാൽ സ്പെഷ്യൽ സ്കൂളുകളിലെ തസ്തികകളും ഭിന്നശേഷി സംവരണത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല എന്ന വിവരം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
PRIYADARSHINI MOHANDAS
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

I/6181937/2024

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/147/2024-G.EDN

03-05-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

ജില്ലാ വിദ്യാഭ്യാസ ഓഫീസർ

എറണാകുളം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - എയ്ഡഡ് - ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിനവേതന അടിസ്ഥാനത്തിൽ നിയമനം നൽകുന്നവരുടെ ശമ്പള കുടിശ്ശിക- സംബന്ധിച്ച്

സൂചന:- 20-02-2024 ലെ താങ്കളുടെ DEOEKM/1324/2023-B4 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഭിന്നശേഷി സംവരണവുമായി ബന്ധപ്പെട്ട് ദിനവേതന അടിസ്ഥാനത്തിൽ നിയമനം നൽകിയ ജീവനക്കാർക്ക് പിഎഫ് അക്കൗണ്ട് തുടങ്ങാൻ സാഹചര്യമില്ലാത്തതിനാൽ അവരുടെ ദിവസവേതന ശമ്പള കുടിശ്ശിക ക്യാഷ് ആയി നൽകുന്നതിന് തടസ്സമില്ലെന്നു അറിയിക്കുന്നു.

വിശ്വസ്തതയോടെ,
PRIYADARSHINI MOHANDAS
UNDER SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം GE-JR1/304/2024-G.EDN
പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്
തിരുവനന്തപുരം,
തീയതി: 10-09-2024

<u>സർക്കുലർ</u>

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട അധിക നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്.

സൂചന:- 1. 25/06/2022 ലെ സ.ഉ(കൈ) 111/2022/പൊ.വി.വ നമ്പർ ഉത്തരവ്

2.എംപ്ലോയ്മെന്റ് ഡയറക്ടറുടെ 10.6.2024-ലെ ഡിഇ/1457/2023-പി 2 നമ്പർ കത്ത്.

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 11/07/2024 ലെ ഡി.ജി.ഇ/15133/2023-എച്ച്2-Part(1) നമ്പർ കത്ത്.

സംസ്ഥാനത്തെ സർക്കാർ എയ്ഡഡ് സ്കൂളുകളിൽ ഭിന്ന ശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപെട്ടു സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് പരാമർശം (1) ഉത്തരവിൽ വിശദമാക്കിയിട്ടുണ്ട്. ഭിന്നശേഷി സംവരണം നടപ്പാക്കുന്നതിന്, ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി മാനേജർമാർ റിക്വിസിഷൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുന്നതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അധിക നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. ഭിന്നശേഷി സംവരണം എയ്ഡഡ് മേഖലയിൽ നടപ്പിലാക്കുന്നതിനായി "റിക്രൂട്ട്മെന്റ് വർഷം" എന്നത് അതതു മാനേജർമാർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ഒഴിവ് റിപ്പോർട്ട്

ചെയ്യുന്ന തീയതി മുതൽ ഒരു വർഷം ആയി കണക്കാക്കേണ്ടതാണ്.

2. ഈ സർക്കുലർ തീയതി മുതൽ, ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ/ആർ.ഡി.ഡി/എ.ഡി ഓഫീസുകൾ മുഖേന മാത്രമേ റിക്വിസിഷനുകൾ അതതു എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കുവാൻ പാടുള്ളൂ. ഇപ്രകാരം മാനേജർമാർ സമർപ്പിക്കുന്ന റിക്വിസിഷനുകൾ 1995 ലെ PWD ആക്ട്, 2016ലെ RPWD ആക്ട്, നാളിതുവരെ സർക്കാരും പൊതു വിദ്യാഭ്യാസ ഡയറക്ടറും പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവുകൾ, ഇത് സംബന്ധിച്ച കോടതി ഉത്തരവുകൾ എന്നിവയിലെ നിർദേശങ്ങൾ പ്രകാരമാണ് എന്ന് വിദ്യാഭ്യാസ ഓഫീസർമാർ പരിശോധിച്ച് ഉറപ്പവരുത്തേണ്ടതാണ്.

3. ഒരു റിക്രൂട്ട്മെന്റ് വർഷത്തിൽ റിക്വിസിഷനുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ സമർപ്പിക്കുമ്പോൾ, യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ ഇല്ലെങ്കിൽ Non Availability Certificate നൽകേണ്ടതും, അതിനു ശേഷം യോഗ്യരായ ഉദ്യോഗാർഥികളുടെ അപേക്ഷ ക്ഷണിച്ചു കൊണ്ട്,നിലവിൽ ഇതുമായി ബന്ധപ്പെട്ട് ബഹു.ഹൈകോടതിയിൽ നിലനിൽക്കുന്ന കേസിലെ അന്തിമ വിധിന്യായത്തിനു വിധേയമായി, നിലവിലെ സർക്കാർ ഉത്തരവുകൾ പ്രകാരം,പത്രപരസ്യം നൽകേണ്ടതുമാണ്.

4. മേൽ നടപടികൾക്ക് ശേഷവും യോഗ്യതയുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർ ത്ഥികളെ ലഭ്യമായില്ലായെങ്കിൽ, പ്രസ്തുത ഒഴിവ് അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിലേക്ക് മാറ്റിവെയ്ക്കേണ്ടതും അതേ ഭിന്നശേഷി വിഭാഗത്തിനായി തന്നെ ടി ഒഴിവ് സംവരണം ചെയ്തു കൊണ്ട് റിക്വിസിഷനുകൾ സമർപ്പിക്കേണ്ടതുമാണ്. ടി ഭിന്നശേഷി വിഭാഗത്തിൽ ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലെങ്കിൽ, ഭിന്നശേഷി സംവരണക്രമ പ്രകാരമുള്ള മറ്റു അഞ്ചു വിഭാഗങ്ങളിൽ നിന്നും, ക്രമാനുസരണം യോഗ്യരായ ഉദ്യോഗാർത്ഥിയെ തിരഞ്ഞെടുക്കാവുന്നതുമാണ്. മേൽ നടപടികൾക്ക് ശേഷവും ഭിന്നശേഷി വിഭാഗത്തിൽപെട്ട യോഗ്യരായ ഉദ്യോഗാർത്ഥികൾ ഇല്ലാത്തപക്ഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും NAC നൽകേണ്ടതാണ്.

5. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും Non availability certificate നൽകിയ ഒഴിവുകൾ നികത്തുന്നതിനായി അടുത്ത റിക്രൂട്ട്മെൻ്റ് വർഷത്തിൽ റിക്വിസിഷനുകൾ സമർപ്പിക്കുമ്പോൾ, മുൻവർഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നിന്നും NAC നൽകിയിരുന്ന അതേ ഒഴിവാണെന്ന വിവരവും,അതേ ഭിന്നശേഷി വിഭാഗമാണെന്നും

പ്രത്യേകം രേഖപ്പെടുത്തിയ റിക്വിസിഷൻ, ബന്ധപ്പെട്ട മാനേജർമാർ അതതു വിദ്യാഭ്യാസ ഓഫീസർമാർ മുഖേന എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലേക്ക് സമർപ്പിക്കേണ്ടതാണ്. ഇപ്രകാരം സമർപ്പിക്കുമ്പോൾ റിക്വിസിഷനുകൾ മുഖേന അറിയിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥിയെ ലഭ്യമായില്ലായെങ്കിൽ, RPWD Act 2016 സെക്ഷൻ 34(2) ലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കേണ്ടതാണ് എന്ന വിവരവും കൂടി മാനേജർമാർ രേഖപ്പെടുത്തേണ്ടതാണ്. ഇപ്രകാരമുള്ള റിക്വിസിഷനുകൾ ബന്ധപ്പെട്ട ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാരുടെ അംഗീകാരത്തോടെ മാത്രം എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ നൽകുവാൻ സംസ്ഥാനത്തെ എല്ലാ എയ്ഡഡ് സ്കൂൾ മാനേജർമാരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

5. മേൽപ്രകാരം നൽകുന്ന റിക്വിസിഷനുകളുടെയും തസ്തികയുടെയും വ്യക്തമായ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി അതതു വിദ്യാഭ്യാസ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

ഉത്തരവിൻ പ്രകാരം

MEENAMBIKA M I
ADDITIONAL SECRETARY

സെക്ഷൻ ഓഫീസർ.

പകർപ്പ്

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർക്കും, അസിസ്റ്റന്റ് ഡയറക്ടർമാർക്കും ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും,ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും (പൊതു വിദ്യാഭ്യാസ ഡയറക്ടർ മുഖേന)
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പിലെ എല്ലാ ഓഫീസർമാർക്കും സെക്ഷനുകൾക്കും.
ഡയറക്ടർ (വെബ് & ന്യൂ മീഡിയ)/പ്രസ്സ് റിലീസ്, വിവര പൊതുജന സമ്പർക്ക വകുപ്പ്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,കൈറ്റ്,തിരുവനന്തപുരം (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ(ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/397/2024-G.EDN 01-10-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി
പൊതു വിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ പ്രകാരം താത്കാലിക നിയമനം ലഭിച്ച ജീവനക്കാർക്ക് അതേ മാനേജ്മെന്റിന് കീഴിലുള്ള മറ്റ് സ്കൂളുകളിലേക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത് - സംബന്ധിച്ച്.

സൂചന:- പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 18.09.2024 തീയതിയിലെ DGE/17518/2024/H2 നമ്പർ കത്ത്.

സൂചനയിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണ നിയമന വ്യവസ്ഥകൾ പ്രകാരം താത്കാലിക നിയമനം (പ്രൊവിഷണൽ/ദിവസവേതനം) ലഭിച്ച ജീവനക്കാർക്ക് അതേ മാനേജ്മെന്റിന് കീഴിലുള്ള മറ്റ് സ്കൂളുകളിലെ വ്യവസ്ഥാപിത ഒഴിവുകളിലേക്ക് നിലവിലുള്ള നിയമനരീതിയിൽ തന്നെ ( പ്രൊവിഷണൽ /ദിവസ വേതനം) തുടരുമെന്ന വ്യവസ്ഥയിൽ സ്ഥലംമാറ്റം അനുവദിക്കാവുന്നതാണ്.

വിശ്വസ്തതയോടെ,
MEENAMBIKA M I
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

പൊതുവിദ്യാഭ്യാസ (ജെ.ആർ) വകുപ്പ്

നമ്പർ.GE-JR1/336/2024-G.EDN-Part(2) 19-12-2024,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ

തിരുവനന്തപുരം

സർ,

വിഷയം:- പൊതുവിദ്യാഭ്യാസം - സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷിസംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ തുടർ നിർദേശങ്ങൾ പുറപ്പെടുവിക്കുന്നത് -സംബന്ധിച്ച്

സൂചന:- 1. റിട്ട് പെറ്റീഷൻ നമ്പർ 19808/2021 തുടങ്ങിയ കേസുകളിൽ ബഹു. കേരള ഹൈക്കോടതി 10-08-2022 ന പുറപ്പെടുവിച്ച വിധിന്യായം.

2. 25-06-2022 ലെ സ.ഉ (കൈ) നമ്പർ 111/2022/പൊ.വി.വ നമ്പർ ഉത്തരവ്.

3. 24-03-2023 ലെ സ.ഉ.(കൈ) നമ്പർ 29/2023/പൊ.വി.വ നമ്പർ ഉത്തരവ്.

4. 01/11/2023, 24/01/2024 തീയതികളിലെ ജെ.ആർ1/502/2023/ പൊ.വി.വ നമ്പർ സർക്കാർ കത്തുകൾ.

5. 03.04.2024 തീയതിയിലെ ജെ.ആർ1/562/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

6. 11.04.2024 തീയതിയിലെ ജെ.ആർ1/17/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

7. 29.04.2024 തീയതിയിലെ ജെ.ആർ1/129/2023/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

8. 03.05.2024 തീയതിയിലെ ജെ.ആർ1/147/2024/പൊ.വി.വ നമ്പർ സർക്കാർ കത്ത്.

9. 10.09.2024 തീയതിയിലെ ജെ.ആർ1/304/2024/പൊ.വി.വ നമ്പർ സർക്കാർ പരിപത്രം.

സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതു സംബന്ധിച്ചും ജീവനക്കാരുടെ നിയമന അംഗീകാരം സംബന്ധിച്ചും വിവിധ വിഷയങ്ങളിൽ സൂചന 2 , 3 സർക്കാർ ഉത്തരവുകളും സൂചന 4 മുതൽ 9 വരെയുള്ള സർക്കാർ കത്തുകളും

പരിപത്രവും പ്രകാരം പൊതു നിർദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. ഇതിനു തുടർച്ചയായി താഴെ പറയുന്ന പൊതു നിർദേശങ്ങളും നൽകുന്നു.

1) സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി നിയമനവുമായി ബന്ധപ്പെട്ട പ്രൊവിഷണലായി ശമ്പള സ്കെയിലിൽ അംഗീകാരം നൽകിയ എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് PEN അനുവദിക്കാനും PF അക്കൗണ്ട് തുടങ്ങാനും അനുമതി നൽകിയിട്ടുണ്ട്. മേൽ ജീവനക്കാർക്ക് ഗ്രൂപ്പ് ഇൻഷുറൻസിൽ അംഗത്വം എടുക്കുന്നതിനു അനുമതി നൽകുന്നു.
2) സർക്കാർ നിർദേശങ്ങളുടെ അടിസ്ഥാനത്തിൽ ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗസ്ഥരെ നിയമിച്ച എയ്ഡഡ് സ്കൂളുകളിലെ മറ്റു നിയമനങ്ങൾ റഗുലറായി ക്രമീകരിക്കുന്ന നടപടികൾ അടിയന്തരമായി പൂർത്തിയാക്കുവാൻ വിദ്യാഭ്യാസ ഓഫീസർമാർക്കു നിർദേശം നൽകേണ്ടതാണ്.
3) പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ച ജിവനക്കാരുള്ള സ്കൂളുകളിൽ/അതത് മാനേജ്മെന്റിൽ ഉയർന്ന തസ്തികകളിൽ ഒഴിവുണ്ടാകുമ്പോൾ സീനിയോറിറ്റി അനുസരിച്ച് പ്രൊവിഷണലായി നിയമനാംഗീകാരം ലഭിച്ചവരാണ് അർഹരാകുന്നതെങ്കിൽ അവർക്ക് ഉയർന്ന തസ്തികകളിൽ ചട്ടം 43 അവകാശം ഉള്ളതായി കണക്കാക്കി പ്രൊവിഷണലായി നിയമനാംഗീകാരവും ടി തസ്തികയിലെ ശമ്പളവും അനുവദിക്കാനും പരിണത ഒഴിവുകളിൽ നിയമിക്കപ്പെടുന്നവർക്ക് ഒഴിവ് വരുന്ന തീയതി പരിഗണിച്ച് പ്രൊവിഷണലായോ ദിവസവേതനത്തിലോ, ഏതാണോ ബാധകമാകുന്നത്, അപ്രകാരവും നിയമനാംഗീകാരം നൽകാനും അനുമതി നൽകുന്നു. ഈ വ്യവസ്ഥ ഹയർസെക്കന്ററി വരെയുള്ള വിഭാഗങ്ങൾക്ക് ബാധകമാണ്.

4) എയ്ഡഡ് സ്കൂളുകളിൽ ഭിന്നശേഷി സംവരണം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികളെ സംബന്ധിച്ച് ഒരു കൈ പുസ്തകം തയ്യാറാക്കുവാനും, വിദ്യാഭ്യാസ ഓഫീസർമാർക്കായി ഒരു ശില്പശാല സംഘടിപ്പിക്കുന്നതിനുമുള്ള പ്രൊപ്പോസൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് സമർപ്പിക്കേണ്ടതാണ്

5) ഭിന്നശേഷി നിയമനങ്ങളുമായി ബന്ധപ്പെട്ട് വിദ്യാഭ്യാസ ഓഫീസുകളിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും ഉള്ള പെന്റിംഗ് ഫയലുകൾ തീർപ്പാക്കുവാൻ അദാലത്തുകൾ സംഘടിപ്പിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

വിശ്വസ്തതയോടെ,
MEENAMBIKA M I
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.